**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3729** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിന് കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ തലത്തിൽ ബോക്സിംഗ് പരിശീലനത്തിനുള്ള കായിക വകുപ്പിന്റെ പഞ്ച് പദ്ധതി കോഴിക്കോട് എരഞ്ഞിക്കൽ പി.വി.എസ്.എച്ച്.എസ്.എസ്. -ൽ നടക്കുന്നുണ്ട്.<br><br>സ്കൂൾതലത്തിൽ ബാസ്കറ്റ്ബോൾ പരിശീലനത്തിനുള്ള ഹൂപ്സ് പദ്ധതി കാരപ്പറമ്പ് ജി.എച്ച.എസ്.എസ്.-ൽ നടക്കുന്നുണ്ട്.<br><br>ഫുട്ബോൾ പരിശീലനത്തിന് നടപ്പാക്കുന്ന ഗോൾ പദ്ധതി നല്ലൂർ മിനി സ്റ്റേഡിയം, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, നൈനാംവളപ്പ് മിനിസ്റ്റേഡിയം, കുരുവട്ടൂർ ജി.എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ നടക്കുന്നു.<br><br>പ്രൈമറി സ്കൂൾ കുട്ടികൾക്കുള്ള കായിക വിനോദ പരിപാടിയായ ഹെൽത്തി കിഡ്സ്, കരുവൻതുരുത്തി ജി.എം.എൽ.പി.എസ്, കിണാശ്ശേരി ജി.എൽ.പി.എസ്. എന്നിവടങ്ങളിൽ നടക്കുന്നു.<br><br>പള്ളിക്കണ്ടിയിൽ അഞ്ചു കോടിയുടെ സ്റ്റേഡിയം നിർമ്മാണം 2025-26 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കോഴിക്കോട് പെരുമണ്ണയിൽ ഹൈടെക്ക് സ്റ്റേഡിയം കോംപ്ലക്സിന് 3 കോടി രൂപ 2025-26 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>പയ്യാനക്കൽ പട്ടരുതൊടിയിൽ കളി സ്ഥലത്തിന് ഭൂമി ഏറ്റെടുക്കാൻ 2025-26 ബജറ്റിൽ അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>രാമനാട്ടുകരയിൽ മിനിസ്റ്റേഡിയം നിർമ്മിക്കാൻ മൂന്നു കോടി രൂപ 2025-26 ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ബി) | വടകര നിയോജകമണ്ഡലത്തിലെ വടകര കുന്നമ്മക്കര മണപ്പുറം ഗ്രൗണ്ടിൽ ഫുട്ബോൾ / |

| | | | |
|---|---|---|---|
| | | | വോളിബോൾ കോർട്ടിന്റെ നിർമ്മാണ പ്രവൃത്തിയാണ് കോഴിക്കോട് ജില്ലയിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ